(എ) സ്വാതന്ത്ര്യസമര സേനാനികളുടെ പെൻഷൻ വർദ്ധിപ്പിച്ച് മൂവായിരം രൂപയാക്കണമെന്ന് കേരളാ ഫ്രീഡം ഫൈറ്റേഴ്സ് സ്റ്റേറ്റ് പെൻഷനേഴ്സ് കോ-ഓർഡിനേഷൻ കൗൺസിൽ നിവേദനം നൽകിയിട്ടുണ്ടോ ;

(ബി) കേന്ദ്രത്തിലും അയൽസംസ്ഥാനങ്ങളിലും സ്വാതന്ത്ര്യസമര സേനാനികൾക്ക് നൽകുന്ന പെൻഷൻ തുക കണക്കിലെടുത്ത് കേരളത്തിലും നിവേദനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

വ്യയനിയന്ത്രണ ഉത്തരവനുസരിച്ച് സർക്കാർ ഉദ്യോഗസ്ഥരുടെയും പൊതുമേഖലാസ്ഥാപന മേധാവികളുടെയും വിദേശയാത്രകൾക്ക് വിലക്ക്

18(18) ശ്രീ. എം. മുരളി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവനുസരിച്ച് സർക്കാർ ഉദ്യോഗസ്ഥരുടെയും പൊതുമേഖലാസ്ഥാപന മേധാവികളുടെയും വിദേശയാത്രകൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) വിദേശയാത്ര സംബന്ധിച്ച് വ്യയനിയന്ത്രണ ഉത്തരവിലുള്ള വ്യവസ്ഥകൾക്ക് ഇളവനുവദിക്കാനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ഉത്തരവ് പുറപ്പെടുവിച്ചശേഷം ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥരോ പൊതുമേഖലാസ്ഥാപന ഉദ്യോഗസ്ഥരോ വിദേശയാത്ര നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(ഡി) കയർഫെഡ് ഉദ്യോഗസ്ഥർ ആരെങ്കിലും വ്യയനിയന്ത്രണ ഉത്തരവ് നിലവിലുള്ളപ്പോൾ വിദേശയാത്ര നടത്തിയിട്ടുണ്ടോ ; എങ്കിൽ വ്യയനിയന്ത്രണ ഉത്തരവിൽ ഇളവു നൽകി വിദേശയാത്രയ്ക്ക് അനുമതി നൽകിയത് ആരാണെന്ന് വെളിപ്പെടുത്താമോ ;

(ഇ) അനുമതി ഇല്ലാതെയാണ് വിദേശയാത്ര നടത്തിയതെങ്കിൽ അങ്ങനെ ചെയ്തവർക്കെതിരെ എന്തു നടപടിയാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(എഫ്) സ്വകാര്യയാത്രയാണ് നടത്തിയതെങ്കിൽ അതിനുള്ള ചെലവ് വഹിച്ചത് ആരാണെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1-1-2000ലെ സ.ഉ.(പി) നമ്പർ 6/2000/ധന.പ്രകാരം സംസ്ഥാന ഉദ്യോഗസ്ഥരുടെയും പൊതുമേഖലാസ്ഥാപന മേധാവികളുടെയും വിദേശയാത്ര നിരോധിച്ചിട്ടുണ്ട്.

(ബി) വ്യയനിയന്ത്രണ വ്യവസ്ഥകൾക്ക് ഇളവ് അനുവദിക്കാനുള്ള അധികാരം മന്ത്രിസഭയ്ക്കാണുള്ളത്.

(സി) വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഉണ്ട്. മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്.

(ഇ) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(എഫ്) ചോദ്യം (ഡി)യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല. മുഖ്യമന്ത്രി അംഗീകരിച്ചത്.

മന്ത്രിമാരുടെ യാത്ര

19(19) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിയും എത്രദിവസം വീതം വിദേശത്തായിരുന്നു ;

(ബി) ഈ കാലഘട്ടത്തിൽ ഓരോ മന്ത്രിയും എത്ര ദിവസം വീതം കേരളത്തിന് പുറത്തായിരുന്നു ;

ഉത്തരം

(എ) മുഖ്യമന്ത്രി :

05-07-1996	-	09-07-1996
14-11-1996	-	24-11-1996
10-06-1997	-	22-06-1997
26-09-1998	-	28-09-1998
28-04-1999	-	03-05-1999

ശ്രീ. പി. ജെ. ജോസഫ് - വിദ്യാഭ്യാസ-പൊതുമരാമത്ത് വകുപ്പുമന്ത്രി

29-06-1996	-	13-07-1996
02-11-1996	-	04-11-1996
14-11-1996	-	24-11-1996
12-06-1997	-	22-06-1997
28-10-1999	-	01-11-1999

LIBRARY ARCHIVES Kerala Legislative Assembly